മാർച്ച് 1, 2014

# ശ്രീറാം കൊമേഴ്സ് കോളേജിൽ എനിക്കുണ്ടായ അനുഭവം

**അരുൺ ജെയ്റ്റ്ലി,** (പ്രതിപക്ഷ നേതാവ്, രാജ്യസഭ)

ഒരു ബിരുദ പഠന വിദ്യാർത്ഥി എന്ന നിലയിൽ എന്റെ ജീവിതത്തിലെ ഏറ്റവും മികച്ചതെന്നു വിശേഷിപ്പിക്കാവുന്ന മൂന്നു വർഷക്കാലം ചെലവിട്ട എന്റെ പഴയ സ്ഥാപനമായ ശ്രീറാം കൊമേഴ്സ് കോളേജ് കഴിഞ്ഞയാഴ്ച ഞാൻ സന്ദർശിച്ചു. എഴുപതുകളുടെ ആദ്യകാലത്ത് ഞാൻ അവിടെ ഒരു വിദ്യാർത്ഥിയായിരിക്കുമ്പോൾ കോളേജ് വാണിജ്യപഠനത്തിന് പേരുകേട്ട ഒരു സ്ഥാപനമായിരുന്നു. ആ ഖ്യാതി സ്ഥാപനം ഇന്നും നിലനിർത്തുന്നു.

‘രാഷ്ട്രീയ വേരുകൾ എന്ന പരിപാടിയുടെ ചിത്രീകരണവുമായി ബന്ധപ്പെട്ടാണ് ഞാൻ സ്ഥാപനം സന്ദർശിച്ചത്. ബർഖാദത്ത് അവതാരകയായി എൻഡി ടിവി എന്ന വാർത്താചാനൽ നിർമ്മിച്ച് സംപ്രേഷണം ചെയ്ത ഒരു പരിപാടിയായിരുന്നു അത്. 2010-ലെ കോമൺവെൽത്ത് മത്സരങ്ങൾക്ക് ഒരു പരിശീലനകേന്ദ്രമായി കോളേജ് നിർമ്മിച്ച സ്പോർട്സ് ജിംനേഷ്യത്തിലായിരുന്നു ചിത്രീകരണം നടന്നത്. നൂറോളം വരുന്ന വിദ്യാർത്ഥിസമൂഹം എനിക്കു നേരെ ചോദ്യശരങ്ങൾ എയ്തു. വിദ്യാർത്ഥികളും ശ്രോതാക്കളും ഉന്നത നിലവാരം പുലർത്തി. മൊത്തത്തിൽ 96 ശതമാനം മാർക്ക് കരസ്ഥമാക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള ഏറ്റവും മിടുക്കരായ വിദ്യാർത്ഥികളായിരുന്നു ശ്രോതാക്കൾ എന്ന് വ്യക്തമാക്കുന്നു. വളർന്നുകൊണ്ടിരിക്കുന്ന ആഗോളസാമ്പത്തികരംഗത്ത് സാമ്പത്തിക ഉപദേശകരായും മാനേജ്മെന്റ് ഉപദേശകരായും ചാർട്ടേഡ് അക്കൗണ്ടന്റുമാരായുമുള്ള മെച്ചപ്പെട്ട ഉദ്യോഗം കരസ്ഥമാക്കാൻ വെമ്പൽകൊള്ളുകയായിരുന്നു അതിലേറെപ്പേരും.

രാഷ്ട്രീയ നേതൃത്വം, സാമ്പത്തികനയം, അഴിമതി, വിവിധ വർത്തമാനകാല സംഭവങ്ങൾ എന്നീ വിഷയങ്ങളിൽ അധിഷ്ഠിതമായ ചോദ്യങ്ങളാണ് അവർ ഉന്നയിച്ചത്. പല കാര്യങ്ങളെക്കുറിച്ചും അവർക്കുണ്ടായിരുന്ന സംശയങ്ങൾക്ക് ദൂരീകരണം തേടിയായിരുന്നു ചോദ്യങ്ങൾ. എന്റെ പാർട്ടിയിലെ കുറ്റങ്ങളും കുറവുകളും ചികഞ്ഞെടുത്ത് എന്നെ ചോദ്യംചെയ്യാനും അവർ മടിച്ചില്ല. സംസ്കാരവും മര്യാദയും ഗൗരവവും നിറഞ്ഞുനിന്ന അന്തരീക്ഷത്തിലാണ് ചർച്ച അരങ്ങേറിയത്. കാര്യങ്ങൾ ശരിക്ക് പഠിക്കാതെ ഒരു അതിഥിക്ക് ഇതുപോലുള്ള സദസ്യരെ കൈകാര്യം ചെയ്യുക എളുപ്പമല്ല. പരിപാടിയുടെ ചിത്രീകരണശേഷം കോളേജിൽനിന്ന് തിരിച്ചുപോയ വേളയിൽ എന്റെ മനസ്സിൽ രണ്ടു ചിന്തകൾ കടന്നുവന്നു. ആ സമ്പുഷ്ടമായ സദസ്യരിൽ ഞാൻ ദർശിച്ച അറിവിന്റെ ആഴവും ഗാംഭീര്യവും നിയമനിർമ്മാണസഭകളിൽ പ്രതിഫലിക്കുമോ എന്നായിരുന്നു ആദ്യത്തെ ചിന്ത. പുതുതലമുറയുടെ നിലവാരം ഇത്ര മെച്ചപ്പെട്ടെങ്കിൽ നമ്മുടെ ഭാരതം ഭാവിയിൽ വളരെ നല്ലൊരു സ്ഥലമായി പരിണമിക്കും എന്നതായിരുന്നു രണ്ടാമത്തെ ചിന്ത.